**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481** **12-02-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിൽ റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത നടപടികൾക്ക് നേരിടുന്ന കാലതാമസം ഒഴിവാക്കുമോയെന്ന് അറിയിക്കാമോ; | (എ) | (1) കടുത്തുരുത്തി റെയിൽവേ മേൽപ്പാലം<br><br>കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (BVR) 27/01/2025-ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും സ്ട്രക്ച്ചറൽ വാല്യൂവേഷൻ ലഭിച്ചാലുടൻ DVS തയ്യാറാക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.<br><br>(2)കുറുപ്പന്തറ റെയിൽവേ മേൽപ്പാലം<br><br>കുറുപ്പന്തറ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന WP(C) 18680/2021 നമ്പർ കേസ് സർക്കാരിന് അനുകൂലമായി വിധിയായിട്ടുള്ള സാഹചര്യത്തിൽ ആകെയുള്ള 68 കേസുകളിൽ, അവാർഡുകൾ പാസ്സാക്കിയിരുന്ന 61 കേസുകളിൽ വിധിതുക ഗുണഭോക്താക്കൾക്ക് നല്കുന്നതിനുള്ള നടപടിയും, ബാക്കിയുള്ള 7 കേസുകളിൽ അവാർഡ് പാസ്സാക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു.<br><br>(3) കോതനെല്ലൂർ റെയിൽവേ മേൽപ്പാലം<br><br>കോതനെല്ലൂർ റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിയുടെ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 20/09/2024 മുതൽ 6 മാസത്തേക്ക് നീട്ടി ഉത്തരവായിട്ടുള്ളതാണ്. കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്കായി അനുവദിച്ചിരുന്ന കണ്ടിജൻസി ഫണ്ട് KRDCL ന്റെ STSB 799011400007477 അക്കൗണ്ടിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ എൽ.എ(ജനറൽ) കോട്ടയത്തിന്റെ STSB 708011400000279 അക്കൗണ്ടിലേക്ക് മാറ്റി |

| | | | |
|---|---|---|---|
| | | | നൽകാൻ ആവശ്യമായ നടപടിക്രമം അംഗീകരിച്ച് 18-12-2024-ൽ നൽകിയിട്ടുള്ളതാണ്. കോട്ടയം ജില്ലാ ട്രഷറിയിൽ ഫണ്ട് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സർവ്വെ നടപടികൾ പൂർത്തീകരിക്കുകയും എൽ.എ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിച്ചിട്ടുള്ളതുമാണ്. BVR തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കടുത്തുരുത്തി റെയിൽ ഓവർ ബ്രിഡ്ജിന്റെ ബ്രിഡ്ജ് വാല്യൂ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | കടുത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്ഥലങ്ങളുടെ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (BVR) 27/01/2025-ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും സ്ട്രക്ച്ചറൽ വാല്യൂവേഷൻ ലഭിക്കേണ്ടതുണ്ട്. |
| (സി) | കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിനെതിരെ ഡബ്ല്യൂപി(സി) 18680/2021 നമ്പർ കേസിന്റെ വിധി ആയിട്ടുണ്ടോ; എങ്കിൽ സ്ഥലമേറ്റെടുപ്പിന്റെ തുടർനടപടികൾ ആരംഭിച്ചോയെന്ന് വിശദമാക്കാമോ; | (സി) | കുറുപ്പന്തറ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന WP(C) 18680/2021 നമ്പർ കേസ് സർക്കാരിന് അനുകൂലമായി വിധിയായിട്ടുള്ള സാഹചര്യത്തിൽ ആകെയുള്ള 68 കേസുകളിൽ അവാർഡുകൾ പാസ്സാക്കിയിരുന്ന 61 കേസുകളിൽ വിധിതുക ഗുണഭോക്താക്കൾക്ക് നല്കുന്നതിനുള്ള നടപടിയും, ബാക്കിയുള്ള 7 കേസുകളിൽ അവാർഡ് പാസ്സാക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | കോതനല്ലൂർ റെയിൽ ഓവർ ബ്രിഡ്ജ് സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ്ജ് ലാന്റ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം വിശദമാക്കാമോ? | (ഡി) | കോതനല്ലൂർ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് അനുവദിച്ചിരുന്ന കണ്ടിജൻസി ഫണ്ട് KRDCL ന്റെ STSB 799011400007477 അക്കൗണ്ടിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ എൽ.എ(ജനറൽ) കോട്ടയത്തിന്റെ STSB 708011400000279 അക്കൗണ്ടിലേക്ക് മാറ്റി നൽകാൻ ആവശ്യമായ നടപടിക്രമം അംഗീകരിച്ച് 18-12-2024-ന് നൽകിയിട്ടുള്ളതാണ്. കോട്ടയം ജില്ലാ ട്രഷറിയിൽ ഫണ്ട് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ